പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5492

27-03-2018 ൽ മറുപടിക്ക്

**കൊട്ടാരക്കര മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾ**

ചോദ്യം
**ശ്രീമതി.പി. അയിഷാ പോറ്റി**

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്. 23 യിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് നൽകിയ മണ്ണ് സംരക്ഷണ പ്രവർത്തികളുടെ ആകെ അടങ്കൽ തുക എത്രയാണ്; | (എ) യും (ബി) യും | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 23-ാം ഘട്ടത്തിലേക്ക് പരിഗണിക്കുന്നതിനായി 207 കോടി രൂപ അടങ്കലിൽ 96 പദ്ധതികൾ നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.<br>കൂടാതെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പാടശേഖരങ്ങളുടെയും, കുളങ്ങളുടെയും സംരക്ഷണത്തിനായി കെ.എൽ.ഡി.സി സമർപ്പിച്ച 90.05 കോടി രൂപയുടെ പദ്ധതികൾ അനുമതിക്കായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുമതി ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; | | |
| (സി) | കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (സി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 23-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺതോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 560 ലക്ഷം രൂപ അടങ്കലുള്ള നീർത്തട പദ്ധതിയും, 112 ലക്ഷം രൂപ അടങ്കലുള്ള വട്ടമൺകാവ് നീർത്തടപദ്ധതിയും കൊട്ടരക്കര, ചാത്തന്നൂർ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന 230 ലക്ഷം രൂപ അടങ്കലുള്ള വെളിയം നീർത്തട പദ്ധതിയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>അടിസ്ഥാന സൗകര്യ വികസനത്തിനായി കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരിപ്ര പഞ്ചായത്തിലെ തലവൂർകോണം പാട്ടുപുരക്കൽ ഏലായുടെയും ഉമ്മന്നൂർ പഞ്ചായത്തിലെ പൊലിക്കോട് ചിറയുടേയും പ്രവർത്തികൾ ആർ.ഐ.ഡി.എഫ് 23 ഘട്ടത്തിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ